STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.42/PR/SPMC/PHQ/2021 Date :26.01.2021

# പോലീസ് മേധാവിയുടെ ഓഫീസിന് ഹരിതകേരള മിഷൻ പുരസ്കാരം സമ്മാനിച്ചു

സർക്കാർ ഓഫീസുകൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിത ഓഫീസ് പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയതിന് സംസ്ഥാന പോലീസ് മേധാവി യുടെ ഓഫീസിന് നൂറ് ശതമാനം മാർക്കോടെ എ ഗ്രേഡ് ലഭിച്ചു. ഹരിത കേരള മിഷൻ നൽകുന്ന പുരസ്കാരം തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കളക്ടർ ഡോ.നവജ്യോത് ഖോസയിൽ നിന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഏറ്റുവാങ്ങി.

പോലീസ് ആസ്ഥാനവും പരിസരവും കൂടുതൽ ഹരിതാഭമാക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി പറഞ്ഞു. പോലീസ് ആസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

******************************